201 (2517) മെഡിക്കൽ കോളേജാശുപത്രി

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം മരുന്നുകൾ വാങ്ങുന്നതിൽ ക്രമക്കേട് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യങ്ങൾ അന്വേഷിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് ഉദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സെൻട്രൽ പർച്ചേയ്സ് കമ്മിറ്റി അംഗീകരിച്ച ലിസ്റ്റിൽ നിന്നുള്ള മരുന്നുകൾ സി.പി.സി. കമ്പനികളിൽ നിന്നും വാങ്ങുന്നു. സി.പി.സി. ലിസ്റ്റിൽപ്പെടാത്ത മരുന്നുകൾ 20,000/- രൂപയിൽ കൂടുതൽ വിലയുള്ളവ ടെണ്ടർ മുഖേനയും 10,000 രൂപ വരെവിലയുള്ള മരുന്നുകൾ ലോക്കൽ പർച്ചേയ്സ് വഴിയും, 10001 മുതൽ 20,000 രൂപ വരെ വിലയുള്ളവ കാട്ടേഷൻ വഴിയും വാങ്ങുന്നു.

(ബി) ചില കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിന് ഡി.എം.ഇ. യുടെ ഓഡിറ്റ് വിഭാഗം അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് വിഭാഗം, ഫിനാൻസ് ആഡിറ്റ് വിഭാഗം, സർക്കാരിന്റെ സ്റ്റോർ പർച്ചേയ്സ് പരിശോധനാ വിഭാഗം എന്നിവ ഓഡിറ്റ് നടത്തുന്നുണ്ട്.

(ഡി)&(ഇ) തല്ക്കാലം ഉദ്ദേശിക്കുന്നില്ല.

202 (2518) ടെലിഫോൺ അനുവദിക്കുന്നതിലുള്ള മാനദണ്ഡം

ശ്രീ. പി.കെ. അബ്ദു റബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മെഡിക്കൽ കോളേജുകളിലെ വിവിധ വകുപ്പു തലവന്മാർക്ക് ഓഫീസിലും വീട്ടിലും ഡയറക്ട് ഫോൺ നൽകിയിട്ടുണ്ടോ;

(ബി) ഇവർക്ക് ടെലിഫോൺ അനുവദിയ്ക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(സി) മാനദണ്ഡം അനുസരിച്ച് അർഹതയുള്ളവർക്ക് ടെലഫോൺ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly